<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5370**</u> <u>**21-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കോട്ടക്കൽ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളും അവയുടെ പുരോഗതിയും വിശദമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണ പ്രവൃത്തിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും 24.02.2024-ലെ നം. LSGD/JD/MPS/3699/ 2023-F1 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയോടൊപ്പം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും ചേർത്ത് 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി 16.03.2024-ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയത് പ്രകാരം 24.06.2024-ൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി. ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഇ-ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പി. പി. സിറാജുദ്ദീൻ, മലപ്പുറം എന്ന കരാറുകാരനുമായി 74,98,615/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 26/09/2024-ൽ സൈറ്റ് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട സ്റ്റെപ്പ് ഗ്യാലറിയുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. നിലവിൽ 20% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>ഗ്രൗണ്ട് ഡെവലപ്പ്മെന്റ് പ്രവൃത്തികൾ, മഡ് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഗേറ്റ് എന്നീ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി 2026 ജനുവരിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള | (ബി) | കോട്ടയ്ക്കൽ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | നടപടികൾ വ്യക്തമാക്കാമോ; | | ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണ പ്രവൃത്തിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും 24.02.2024-ലെ നം. LSGD/JD/MPS/3699/ 2023-F1 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയോടൊപ്പം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും ചേർത്ത് 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി 16.03.2024-ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയത് പ്രകാരം 24.06.2024-ൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി. ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഇ-ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പി. പി. സിറാജുദ്ദീൻ, മലപ്പുറം എന്ന കരാറുകാരനുമായി 74,98,615/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 26/09/2024-ൽ സൈറ്റ് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട സ്റ്റെപ്പ് ഗ്യാലറിയുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. നിലവിൽ 20% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>ഗ്രൗണ്ട് ഡെവലപ്പ്മെന്റ് പ്രവൃത്തികൾ, മഡ് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഗേറ്റ് എന്നീ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി 2026 ജനുവരിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |
| (സി) | കോട്ടക്കൽ മണ്ഡലത്തിൽ പൊന്മള പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കോട്ടക്കൽ മണ്ഡലത്തിൽ പൊന്മള പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രൊപ്പോസൽ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ